ആലപ്പുഴ ജില്ലയിൽ സാമൂഹ്യക്ഷേമ വകുപ്പിൽ എൽ.ഡി. ക്ലാർക്കുമാരുടെ ഒഴിവുകൾ

172 [2652] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ സാമൂഹ്യക്ഷേമ വകുപ്പിൽ എൽ.ഡി. ക്ലാർക്കുമാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ ഒഴിവുകൾ ഇല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

ഹജ്ജ് ജോലിക്കുള്ള അപേക്ഷകർ

173 [2659] ശ്രീ. കെ. പി. മോഹനൻ:
ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. എ. സി. ഷൺമുഖദാസ്:
,, സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-ലെ ഹജ്ജ് ജോലിക്ക് ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവരിൽ നിന്നാണ് അപേക്ഷ ക്ഷണിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഈ വിധത്തിൽ അപേക്ഷ ക്ഷണിക്കാറുണ്ടോ;

(സി) ഓരോ ജില്ലകളിലും മെഡിക്കൽ ഓഫീസർമാരും പാരാമെഡിക്കൽ ഓഫീസർമാരുമായി എത്ര പേർ അപേക്ഷിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2004-ലെ ഹജ്ജിനോടനുബന്ധിച്ച് ഹജ്ജ് ജോലിക്ക് താഴെ പറയുന്ന വിഭാഗങ്ങളിൽനിന്നും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്:

1. സംസ്ഥാന സർക്കാർ ജീവനക്കാരിൽനിന്നും ഹജ്ജ് വോളണ്ടിയർമാരായി സേവനമനുഷ്ഠിക്കാൻ അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. 500 ഹാജിമാർക്ക് ഒരാൾ വീതം എന്ന രീതിയിലാണ് വോളണ്ടിയർമാരെ അയയ്ക്കാറുള്ളത്. അപേക്ഷ കിട്ടേണ്ട അവസാന തീയതി 31-7-2003 ആണ്.

LIBRARY ARCHIVES Kerala Legislative Assembly

2. ജിദ്ദയിലെ ഇൻഡ്യൻ കോൺസുലേറ്റിൽ താൽക്കാലിക ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അസിസ്റ്റന്റ് ഹജ്ജ് ഓഫീസർ, ഹജ്ജ് അസിസ്റ്റന്റ് എന്നീ തസ്തികകളിൽ ജോലി ചെയ്യുന്നതിനുവേണ്ടി കേന്ദ്ര സംസ്ഥാന സർക്കാർ സർവ്വീസിലെ മുസ്ലീം ജീവനക്കാരിൽനിന്നും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. ഈ അപേക്ഷ വിദേശകാര്യ വകുപ്പിൽ ലഭിക്കേണ്ട അവസാന തീയതി 1-8-2003 ആണ്.

3. സൗദിയിലെ ഇൻഡ്യൻ കോൺസുലേറ്റിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നതിനുവേണ്ടി കേന്ദ്ര-സംസ്ഥാന ആശുപത്രികളിലും ഡിസ്പെൻസറികളിലും ജോലി ചെയ്യുന്ന മുസ്ലീം ഡോക്ടർമാരിൽനിന്നും പാരാമെഡിക്കൽ സ്റ്റാഫിൽനിന്നും അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. അപേക്ഷ വിദേശകാര്യ വകുപ്പിൽ ലഭിക്കേണ്ട അവസാന തീയതി 1-8-2003 ആണ്.

(ബി) ഉണ്ട്.

(സി) മെഡിക്കൽ ഓഫീസർമാരുടേയും പാരാമെഡിക്കൽ സ്റ്റാഫിന്റേയും അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 1-8-2003 ആണ്. ആയതിനാൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും മെഡിക്കൽ ഇൻഷ്വറൻസ് ഡയറക്ടറിൽനിന്നും അപേക്ഷകൾ ലഭിച്ചു കഴിഞ്ഞാൽ മാത്രമേ കൃത്യമായ കണക്ക് അറിയാൻ കഴിയൂ.

വനിതാ ഐ.ടി.ഐ.-കളിൽ നിലവിലുള്ള കോഴ്സുകൾ

174 [2674] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനിതാ ഐ.ടി.ഐ.-കളിൽ ഏതെല്ലാം കോഴ്സുകളാണുള്ളത്;

(ബി) അതിൽ എത്ര എണ്ണത്തിന് എൻ.സി.വി.റ്റി. അംഗീകാരമുണ്ട്; അവ ഏതെല്ലാം;

(സി) എൻ.സി.വി.റ്റി. അംഗീകാരമുള്ള കോഴ്സുകളാണെന്ന് പ്രോസ്പെക്ടസിൽ രേഖപ്പെടുത്തിയത് പ്രകാരം പ്രസ്തുത കോഴ്സുകളിൽ ചേർന്ന വിദ്യാർത്ഥിനികൾ എൻ.സി.വി.റ്റി. അംഗീകാരം ഇല്ലാത്തതുമൂലം വഞ്ചിതരായിരിക്കുന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ തെറ്റുമൂലം മാനസിക പീഡനം അനുഭവിക്കുന്ന വിദ്യാർത്ഥിനികളുടെ കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 8 വനിതാ ഐ.ടി.ഐ.-കളിൽ ഉള്ള കോഴ്സുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) മൂന്ന് ഐ.ടി.ഐ.-കളിലായി 11 യൂണിറ്റുകൾ ഒഴികെയുള്ള അനുബന്ധം 'എ'-യിൽ പറഞ്ഞിട്ടുള്ള എല്ലാ കോഴ്സുകൾക്കും അംഗീകാരമുണ്ട്. അംഗീകാരമില്ലാത്ത ട്രേഡുകളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly